# ആഗോളവൽക്കരണത്തിന്റെ ബാക്കിപത്രം

**അഡ്വ: പി. എ. പൗരൻ**

കേരളത്തിന്റെ തനതായ വികസനത്തെ ഒരു കൈ സഹായിക്കുവാനാണ് വേൾഡ് ബാങ്ക് എന്ന കഴുത്തറപ്പൻ കമ്പനിയുടെ കേവലം ഒരു ഏജന്റായ എ. ഡി. ബി. 1996 മുതൽ കേരളത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നത്. നായനാരുടെ ഭരണത്തിൽ ഇവരുടെ പ്രതിനിധികൾ കേരള സംസ്ഥാന പ്ലാനിങ്ങ് ബോർഡ് അംഗങ്ങൾ, ധനകാര്യ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ, മന്ത്രിമാർ ഇവരുമായി 7 പ്രാവശ്യം ചർച്ചകൾ നടത്തിയിരുന്നു. അന്നത്തെ പ്ലാനിങ്ങ് ബോർഡ് വൈസ് ചെയർമാൻ ഐ. എസ്. ഗുലാത്തി, ധനകാര്യവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരായ കെ. എം. എബ്രഹാം, വിനോദ്റേ എന്നീ ഐ. എ. എസുകാരും ഗാന്ധിയനും ജനകീയ ആസൂത്രണ വിദഗ്ധനുമായ തോമസ് ഐസക് എന്നിവരും ഇതിൽ ഉൾപ്പെടുന്നു.

2001-ൽ അന്നത്തെ നായനാർ മന്ത്രിസഭ അധികാരമൊഴിയുമ്പോൾ, ഐ.എം.എഫ്, എ.ഡി.ബി., ലോകബാങ്ക് മുതലായ ധനകാര്യ സ്ഥാപനങ്ങളിലേക്ക് കേരളം കൊടുത്ത് തീർക്കുവാനുള്ള കടം 23,800 കോടി ആയിരുന്നു എന്നുള്ളത് നായനാരും ശിവദാസമേനോനും ഇപ്പോൾ സമ്മതിക്കുന്നു. 'വീണ്ടും കേരളത്തെ കരകയറ്റുവാൻ' എന്ന ഭാവത്തിലാണ് ഇപ്പോഴത്തെ മുഖ്യമന്ത്രി ആന്റണിയും കൂട്ടരും എ.ഡി.ബി പ്രതിനിധികളുമായി ചർച്ച ആരംഭിച്ചത്. കേരളത്തിലെ ഇടതും വലതും രാഷ്ട്രീയ പാർട്ടികൾ ഈ വായ്പകളെ സംബന്ധിച്ച് ഗൗരവതലത്തിൽ ആലോചിച്ചിട്ടുപോലുമില്ല എന്നുള്ള കാര്യം ഇന്ന് സുവ്യക്തമാണ്.

ഗാട്ട് കരാർ, റിയോ സമ്മേളനം, സിയാറ്റിൽ കോൺഫറൻസ്, ദോഹ ഉച്ചകോടി, ഇപ്പോൾ ജോഹന്നാസ്ബർഗിൽ നടന്ന ഭൗമ ഉച്ചകോടി എന്നീ സമ്മേളനങ്ങളിൽ പങ്കെടുക്കുന്ന ഇന്ത്യൻ പ്രതിനിധികൾ ആവശ്യമായ ഗൃഹപാഠം ചെയ്യാതെയാണ് സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതും തീരുമാനങ്ങൾ എടുക്കുന്നതും. സമ്മേളനങ്ങളിലേക്ക് പോകുന്ന പല പ്രതിനിധി സംഘങ്ങളും സംഘാടകർ കൃത്രിമമായി സംഘടിപ്പിക്കുന്ന മാർഗ്ഗ തടസ്സങ്ങളിൽ ഉൾപ്പെട്ട് സമ്മേളന സ്ഥലത്ത് എത്തിച്ചേരാതെ പഞ്ചനക്ഷത്ര സൗകര്യങ്ങളുള്ള ഹോട്ടലുകളിലേക്ക് തിരിച്ചു വരികയും അവിടെ സംഘാടകർ ഒരുക്കിയ സൗകര്യങ്ങൾ ആവോളം ആസ്വദിച്ച് തിമിർത്ത കഥകളും ഇന്ന് അങ്ങാടിപ്പാട്ടാണ്.

ഇക്കഴിഞ്ഞ മെയ് മാസം എ.ഡി.ബി ഉദ്യോഗസ്ഥന്മാരുമായി കേരള സർക്കാരിനെ പ്രതിനിധീകരിച്ച് ബന്ധപ്പെട്ട മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥന്മാരും കോവളത്ത് 'ഗൗരവതല' ചർച്ച നടത്തിയതായി നാം വായിക്കുകയുണ്ടായി. നിർഭാഗ്യകരമെന്നു പറയട്ടെ അതിൽ പങ്കെടുത്ത 2 ഉയർന്ന മന്ത്രിമാർ ഉറങ്ങുകയും പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ റാങ്കിലുള്ള 3 മുതിർന്ന IAS ഉദ്യോഗസ്ഥന്മാർ നോവൽ വായിച്ചുകൊണ്ടിരിക്കുകയുമായിരുന്നു എന്നുള്ള യാഥാർത്ഥ്യം ഇത്തരം ചർച്ചകൾ വെറും പ്രഹസനങ്ങളാണ് എന്നുള്ളതിന് മതിയായ തെളിവാണ്. രാഷ്ട്രീയ നേതാക്കളുടേയും ഉദ്യോഗസ്ഥ പ്രമുഖന്മാരുടേയും ഏക ലക്ഷ്യം ഈ ബ്ലേഡ് കമ്പനികൾ വച്ച് നീട്ടുന്ന 10 മുതൽ 15% വരെയുള്ള കമ്മീഷനാണ്.